ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26.11.2026 **TIME : 07.25 AM**

പ്രധാന വാർത്തകൾ

1. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തത്വങ്ങളോടും മൂല്യങ്ങളോടുമുള്ള പ്രതിബദ്ധത പുതുക്കി ഇന്ന് ഭരണഘടനാ ദിനം.

   Constitution Day is being observed today, renewing the commitment to the principles and values enshrined in the Indian Constitution.

2. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും.

   President Droupadi Murmu will arrive in Kerala tomorrow on a two-day visit.

3. രാജ്യത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളിൽ ചെലവഴിക്കുന്ന തുകയേക്കാൾ ലഭിക്കുന്ന ഫലങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi has said that priority should be given to outcomes rather than outlays in development projects implemented across the country.

4. അതിർത്തിയിൽ സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിനായി ഇന്ത്യയും ചൈനയും നയതന്ത്ര, സൈനിക തലത്തിൽ ചർച്ചകൾ തുടരുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.

The Ministry of External Affairs has stated that India and China are continuing diplomatic and military-level talks to maintain peace and stability along the border.

5. ഇന്ത്യ ഉൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് 35 ശതമാനം വരെ പുതിയ തീരുവ ഏർപ്പെടുത്താൻ നിർദേശിച്ച് അമേരിക്ക.

The United States has proposed imposing new tariffs of up to 35 percent on imports from 14 countries, including India.

6. സർക്കാർ വകുപ്പുകളിൽ, ഇല്ലാത്ത ഒഴിവ് മുൻനിർത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പിഎസ്സി രീതിക്ക് മാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

Chief Minister V. D. Satheesan has said that changes will be made to the PSC practice of publishing rank lists anticipating non-existent vacancies in government departments.

****

CONSTITUTION DAY

ഇന്ന് ഭരണഘടനാ ദിനം. 1949 നവംബർ 26-ന് ഭരണഘടനാ നിർമ്മാണ സഭ, ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണാർത്ഥമാണ് രാജ്യത്ത് ഇന്ന് ഭരണഘടനാ ദിനം ആചരിക്കുന്നത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തത്വങ്ങളെയും മൂല്യങ്ങളെയും കുറിച്ച് ചിന്തിക്കാനും, അതിന്റെ ആദർശങ്ങളോടുള്ള കൂട്ടായ പ്രതിബദ്ധത പുതുക്കാനുമുള്ള അവസരമാണിത്. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം ഇന്ന് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

****

PRESIDENT – KERALA

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. രാവിലെ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക്

പോകുന്ന രാഷ്ട്രപതി, വൈദ്യരത്നം ആയുർവേദ കോളേജിൻറെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. വൈകിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും.

****

PRESIDENT - KANNUR (INTRO)

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ ശനിയാഴ്ച രാവിലെ നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും. ആകെ 427 കേഡറ്റുകളാണ് പരേഡിൽ അണിനിരക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....

(വോയ്സ്)

****

PM-PRAGATI MEETING

രാജ്യത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികൾ വേഗത്തിലാക്കണമെന്നും, ചെലവഴിക്കുന്ന തുകയേക്കാൾ ലഭിക്കുന്ന ഫലങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രഗതിയുടെ 55-ാമത് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. റോഡ്, ഊർജ്ജം, കൽക്കരി, റെയിൽവേ എന്നീ മേഖലകളിലായി, 78,000 കോടി രൂപയിലധികം ചെലവ് വരുന്ന അഞ്ച് സുപ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ശ്രീ മോദി അവലോകനം ചെയ്തു. PM-SETU പദ്ധതി ഉൾപ്പെടെ, ITI - കളുടെ പ്രവർത്തനങ്ങളും പ്രധാനമന്ത്രി വിലയിരുത്തി.

****

INDIA –CHINA

'ലൈൻ ഓഫ് ആക്ച്വൽ കൺട്രോൾ' അതിർത്തിയിൽ സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിനായി ഇന്ത്യയും ചൈനയും നയതന്ത്ര, സൈനിക തലത്തിലുള്ള ചർച്ചകൾ തുടരുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത് സംബന്ധിച്ച് കിഴക്കൻ മേഖലയിൽ മുതിർന്ന സൈനിക കമാൻഡർമാരുടെ യോഗം അടുത്തിടെ നടന്നതായും അദ്ദേഹം വ്യക്തമാക്കി. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ഉണ്ടാകുന്ന അക്രമ സംഭവങ്ങളിൽ ഇന്ത്യയ്ക്ക് ആശങ്കയുണ്ടെന്നും ഇതിൽ സമഗ്രമായ അന്വേഷണം നടത്താനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും ബംഗ്ലാദേശ് സർക്കാരിനോട് ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

****

UREA PLANTS

യൂറിയ-2026 ദേശീയ നിക്ഷേപ നയത്തിന് കീഴിൽ, ഏകദേശം 54,000 കോടി രൂപയുടെ നിക്ഷേപത്തോടെ ബ്രൗൺഫീൽഡ് വിഭാഗത്തിൽ ആറ് പുതിയ യൂറിയ പ്ലാന്റുകൾക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. കാർഷിക പ്രതിരോധശേഷി ശക്തിപ്പെടുത്താനും വള സുരക്ഷ ഉറപ്പാക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം യൂറിയ ഉൽപാദനത്തിൽ രാജ്യത്തിന് സ്വയംപര്യാപ്തത കൈവരിക്കാനും ഈ പദ്ധതികൾ ഉപകരിക്കുമെന്ന് കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയം അറിയിച്ചു. നിർമ്മാണ-അടിസ്ഥാന സൗകര്യ ഉപകരണ നിർമ്മാണ മേഖലയുടെ വികസനത്തിനായി 11,000 കോടി രൂപയുടെ പദ്ധതിക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

****

CABINET- MoU

വ്യോമയാന മേഖലയിലെ അറ്റകുറ്റപ്പണി, പുനരുദ്ധാരണം, സമഗ്ര പരിശോധന എന്നിവയുമായി ബന്ധപ്പെട്ട നൈപുണ്യ-വ്യവസായ വികസന സഹകരണത്തിനായി ഇന്ത്യയും സിംഗപ്പൂരും തമ്മിൽ ധാരണാപത്രം ഒപ്പുവെക്കാൻ കേന്ദ്ര മന്ത്രിസഭ ഇന്നലെ അംഗീകാരം നൽകി. വിജ്ഞാന കൈമാറ്റത്തിലൂടെയും വ്യവസായ പരിചയത്തിലൂടെയും പാഠ്യപദ്ധതിയും പരിശീലന ശേഷിയും മെച്ചപ്പെടുത്താൻ ഈ സഹകരണം ഇന്ത്യൻ പരിശീലന സ്ഥാപനങ്ങളെ സഹായിക്കും. ഇന്ത്യയുടെ വ്യോമയാന മേഖലയെ ശക്തിപ്പെടുത്തുന്നതിനും, യുവാക്കൾക്ക് നൈപുണ്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹകരണം വഴിയൊരുക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു വ്യക്തമാക്കി.

****

ECI- STATES

നിലവിലെ വോട്ടർ പട്ടികയിലെ വിവരങ്ങളിലെ തെറ്റുകൾ കണ്ടെത്തി തിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായാണ് നടപടി. 25 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് അയച്ച കത്തിലാണ് കമ്മീഷൻ ഇക്കാര്യം വ്യക്തമാക്കിയത്.

****

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****

US-NEW TARIFFS

ചൈന, യൂറോപ്യൻ യൂണിയൻ, ഇന്ത്യ എന്നിവയുൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് 15 മുതൽ 35 ശതമാനം വരെ പുതിയ തീരുവ ഏർപ്പെടുത്താൻ നിർദ്ദേശിച്ച് അമേരിക്ക. രാജ്യത്തിന്റെ വ്യാവസായിക അടിത്തറ ദുർബലപ്പെടുത്തുന്ന നയങ്ങളെ നേരിടാനാണ് ഈ നടപടിയെന്ന് യുഎസ് ട്രേഡ് റെപ്രസന്റേറ്റീവ് ജാമിസൺ ഗ്രീർ വ്യക്തമാക്കി. തായ്വാൻ, ദക്ഷിണ കൊറിയ എന്നിവിടങ്ങളിൽ നിന്നുള്ള സെമികണ്ടക്ടറുകൾ, മറ്റ് അത്യാധുനിക സാങ്കേതിക ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഇളവുകൾ നൽകിയിട്ടുണ്ട്.

****

IFFI (INTRO)

ഗോവയിൽ നടക്കുന്ന 57-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേള ഏഴാം ദിവസത്തിലേക്ക് കടക്കുമ്പോൾ ആവേശകരമായ ചലച്ചിത്ര പ്രദർശനങ്ങൾക്കും സംവാദങ്ങൾക്കുമാണ് പനാജി വേദിയാകുന്നത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണിയ്ക്ക് വേണ്ടി ഗോവയിൽ നിന്നും പറക്കോട് ഉണ്ണികൃഷ്ണൻ.....**

(വോയ്സ്)

****

WAVES FILM BAZAAR

57-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ വേവ്സ് ഫിലിം ബസാറിന് വിജയകരമായ സമാപനം. എൻ.എഫ്.ഡി.സി സംഘടിപ്പിച്ച ഫിലിം ബസാറിൽ 54 രാജ്യങ്ങളിൽ നിന്നായി 471 ബയർമാർ പങ്കെടുത്തതായും 14 ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചതായും കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അഡീഷണൽ സെക്രട്ടറി പ്രഭാത് അറിയിച്ചു. ഇതിഹാസ ഗായികമാരായ ലതാ മങ്കേഷ്കർ, ആശാ ഭോസ്ലെ, എസ്. ജാനകി എന്നിവരെ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക സംവാദവും നടന്നു.

****

KERALA CABINET

സർക്കാർ വകുപ്പുകളിൽ, ഇല്ലാത്ത ഒഴിവ് മുൻനിർത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പിഎസ്സി രീതിക്ക് മാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് അന്വേഷണം നടത്തുമെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ മുഖ്യമന്ത്രി പറഞ്ഞു.

****

KASHI TAMIL SANGAMAM

ഉത്തർപ്രദേശിലെ വാരണാസിയിൽ ശനിയാഴ്ച ആരംഭിക്കുന്ന കാശി തമിഴ് സംഗമം - അഞ്ചാം പതിപ്പിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നിർവഹിക്കും . 'തിരുക്കുറൾ പഠിക്കാം' എന്ന പ്രമേയത്തിൽ നടക്കുന്ന പരിപാടി യുവ പഠിതാക്കൾക്കിടയിൽ തിരുക്കുറളിലെ കാലാതീതമായ ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. തമിഴ്നാട്ടിൽ നിന്ന് ഏകദേശം 1400 പേർ പരിപാടിയിൽ പങ്കെടുക്കും. അടുത്ത മാസം 12 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും.

****

AIR RISING STARS SEASON

AIR Rising Stars Season 1എന്ന പേരിൽ ആകാശവാണി രാജ്യത്തുടനീളം യുവസംഗീതപ്രതിഭകളെ അണിനിരത്തി ഒരുക്കുന്ന സംഗീതോത്സവത്തിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം ഇന്ന് തിരുവനന്തപുരം ഗവ. വിമൻസ് കോളേജിന്റെ സഹകരണത്തോടെ സംഗീത പരിപാടി സംഘടിപ്പിക്കും. കോളജ് അസംബ്ലി ഹാളിൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്ന പരിപാടി പിന്നണി ഗായകൻ കെ.എസ്.ഹരിശങ്കർ

ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം റീജിയണൽ ചാനൽ മാനേജർ സുബ്രഹ്മണ്യൻ അയ്യർ, ആകാശവാണി തിരുവനന്തപുരം നിലയം റീജിയണൽ ചാനൽ മാനേജർ ഡോ.എ.ജി.ബൈജു തുടങ്ങിയവർ പങ്കെടുക്കും.

****

RAIN- KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

****

JEE-LAST DATE

ജെ.ഇ.ഇ മെയിൻ ഒന്നാം ഘട്ട പരീക്ഷയ്ക്ക് ലേറ്റ് ഫീസോടുകൂടി രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി ഇന്ന്. ഇതുവരെ 15 ലക്ഷത്തി 73,018 അപേക്ഷാ ഫോമുകൾ സമർപ്പിക്കപ്പെട്ടതായി എൻടിഎ അറിയിച്ചു.

****

NT. CHESS - WORLD C-SHIP

ജനീവയിൽ നടക്കുന്ന ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ഗെയിമിൽ നിലവിലെ ലോക ചാമ്പ്യൻ ഇന്ത്യയുടെ ഡി. ഗുകേഷും ഉസ്ബെക്കിസ്ഥാന്റെ ജവോഖിർ സിന്ദറോവും തമ്മിലുള്ള പോരാട്ടം 20 നീക്കങ്ങളിൽ സമനിലയിൽ പിരിഞ്ഞു. 14 ഗെയിമുകളുള്ള ചാമ്പ്യൻഷിപ്പിൽ രണ്ട് മത്സരങ്ങൾ പൂർത്തിയായപ്പോൾ ഇരുവരും ഓരോ പോയിന്റ് വീതം നേടി ഒപ്പത്തിനൊപ്പമാണ്. മൂന്നാം ഗെയിം ഇന്ന് നടക്കും.

****

REV.EGYPT-FIRE TOLL

ഈജിപ്തിൽ ഇന്നലെ പെട്രോളിയം ഉൽപ്പന്നങ്ങളുമായി പോയ ടാങ്കർ ലോറിക്ക് തീപിടിച്ചുണ്ടായ അപകടത്തിൽ 30 പേർ മരിക്കുകയും 25 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കെയ്റോയിലെ റിംഗ് റോഡിന് സമീപം ഇംബാബയിലെ വറാഖ് ജില്ലയിലുള്ള ടണൽ 10-ന് മുകളിലാണ് തീപിടുത്തമുണ്ടായതെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചു.

****

AU-INDIA

2023-ൽ ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ജി20 ഉച്ചകോടിയിൽ, ആഫ്രിക്കൻ യൂണിയന് സ്ഥിരാംഗത്വം നേടിക്കൊടുക്കുന്നതിൽ ഇന്ത്യ വഹിച്ച പങ്കിനെ ആഫ്രിക്കൻ യൂണിയൻ കമ്മീഷൻ ചെയർപേഴ്സൺ മഹ്മൂദ് അലി യൂസഫ് അഭിനന്ദിച്ചു. അഡിസ് അബാബയിൽ എത്യോപ്യയിലെ ഇന്ത്യൻ അംബാസഡർ ദേവേഷ് ഉത്തവുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം, യുവാക്കൾക്കുള്ള നൈപുണ്യ വികസനം, ഊർജ്ജം, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ, വ്യാപാരം, വാണിജ്യം എന്നീ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഇരുവരും ചർച്ച ചെയ്തു.

****
****